'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

## സംഗ്രഹം

തസ്വഭവ -തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന് കീഴിലുള്ള രണ്ട് ഗവൺമെന്റ് ജില്ലാ ആശുപത്രികളിലെ അടിസ്ഥാന സൗകര്യവികസനത്തിന് NABARD INFRASTRUCTURE DEVELOPMENT ASSISTANCE (NIDA) പദ്ധതി പ്രകാരം നബാർഡിൽ നിന്നും 9,25,00,000/- (ഒൻപത് കോടി ഇരുപത്തി അഞ്ച് ലക്ഷം രൂപ മാത്രം) വായ്പ എടുക്കുന്നതിന് സർക്കാർ ഗ്യാരന്റി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

**സ.ഉ.(കൈ) നം.100/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 27/07/2019**

---

പരാമർശം:- 1 സ.ഉ(സാധാ)നം.2193/2018/ത.സ്വ.ഭ.വ തീയതി 09/08/2018.

2 സ.ഉ(സാധാ)നം.2624/2018/തസ്വഭവ തീയതി 12/10/2018.

3 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 15/11/2018, 16/04/2019 തീയതികളിലെ ഇ7/4871/17/റ്റി.ഡി.പി നമ്പർ കത്തുകൾ.

## ഉത്തരവ്

തിരുവനന്തപുരം ജില്ലാ പഞ്ചായത്തിനു കീഴിലുള്ള രണ്ട് ഗവൺമെന്റ് ജില്ലാ ആശുപത്രികളിലെയും 15 സർക്കാർ സ്കൂളുകളിലെയും അടിസ്ഥാന സൗകര്യ വികസനത്തിന് നബാർഡിൽ നിന്നും NABARD Infrastructure Development Assistance (NIDA) പദ്ധതി പ്രകാരം ആകെ 26,19,00,000/- (ഇരുപത്തി ആറ് കോടി പത്തൊൻപത് ലക്ഷം രൂപ മാത്രം) വായ്പ എടുക്കുന്നതിന് തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന് പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു.

2. എന്നാൽ പ്രസ്തുത ഉത്തരവ് പ്രകാരം ലോൺ അനുവദിക്കുന്നതിന് നബാർഡ് സാങ്കേതിക തടസ്സമുന്നയിച്ചതിനാൽ മേൽ ഉത്തരവിൽ ലോൺ തിരിച്ചടവ് സംബന്ധിച്ച വ്യക്തത വരുത്തുന്നതിനായി സർക്കാരിനോട് അപേക്ഷിച്ചതിൻ പ്രകാരം ടി ഉത്തരവ് ഭേദഗതി വരുത്തി പരാമർശം (2)പ്രകാരം ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് നബാർഡ് ചീഫ് ജനറൽ മാനേജർക്ക് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സ്കൂളുകളിലെയും ആശുപത്രികളിലെയും കെട്ടിട നിർമ്മാണത്തിന് NIDA പദ്ധതിയിൽ നിന്നും സാമ്പത്തിക സഹായത്തിന് അർഹതയുണ്ടെന്നും ആയതിന് ധനകാര്യവകുപ്പുമായി ബന്ധപ്പെട്ട് ലോൺ തിരിച്ചടവിന് സർക്കാർ ഗ്യാരന്റി ലഭ്യമാക്കണമെന്നും നബാർഡിൽ നിന്നും ആവശ്യപ്പെട്ടതിനാൽ ഈ ആവശ്യത്തിനായി ധനകാര്യ വകുപ്പിന്റെ ഗ്യാരന്റി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറി പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലാ പഞ്ചായത്തിനു കീഴിലുള്ള രണ്ട് ഗവൺമെന്റ് ജില്ലാ ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് കണക്കാക്കിയിരിക്കുന്ന 9.25 കോടി ( നെടുമങ്ങാട് ജില്ലാ ആശുപത്രി മന്ദിര സമുച്ചയത്തിന് ( പേ വാർഡ് , പാലിയേറ്റീവ് കെയർ യൂണിറ്റ് , ലാബ് കെട്ടിട നിർമ്മാണം ) 6,25,00,000/- രൂപയും , വർക്കല ഗവ . ജില്ലാ ആയുർവേദ ആശുപത്രി കെട്ടിട നിർമ്മാണത്തിന് 3,00,00,000/- രൂപയും ചേർത്ത് ആകെ 9.25 കോടി ) രൂപയ്ക്ക് മാത്രം NIDA യിൽ നിന്നും വായ്പ എടുക്കുന്നതിന് ചുവടെപ്പറയുന്ന സാധാരണ ഗ്യാരണ്ടി വ്യവസ്ഥകൾക്കു വിധേയമായി ഗവൺമെന്റ് ഗ്യാരന്റി അനുവദിച്ച് ഉത്തരവാകുന്നു.

<u>ഗ്യാരണ്ടി വ്യവസ്ഥകൾ</u>

1. ഗ്യാരണ്ടി ആക്ട് പ്രകാരവും 16.10.2004 ലെ . ജി . ഒ . ( എം . എസ് ) 487/04/ ഫിൻ പ്രകാരവും 0.75% നിരക്കിൽ ഗ്യാരണ്ടി കമ്മീഷൻ തുക സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതാണ് .

2. 16.10.2004 ലെ സർക്കാർ ഉത്തരവിലെ നിബന്ധന 5 പ്രകാരം വൈകിയ അടവുകൾക്ക് 12% സാധാരണ പലിശ ഈടാക്കുന്നതാണ് .

3. പിഴപ്പലിശ ഉണ്ടെങ്കിൽ അതുൾപ്പെടെ ഗ്യാരണ്ടി കമ്മീഷൻ തുക അടച്ച ചെലാൻ രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം 16/08/2007- ◌ാ◌ം തിയതിയിലെ 66/2007- ധന നമ്പർ സർക്കുലർ പ്രകാരം ഗ്യാരണ്ടി തുക , ബാക്കി നിൽക്കുന്ന തുക , ഗ്യാരണ്ടി കമ്മീഷൻ തുക എന്നിവയുടെ വിവരങ്ങൾ (വിശദമായ കണക്കുകൾ സഹിതം ) ഉൾപ്പെടുത്തിയ അർദ്ധ വാർഷിക റിപ്പോർട്ട് ധനകാര്യ വകുപ്പിൽ ലഭ്യമാക്കേണ്ടതാണ്

4 . ഉടമ്പടി ഒപ്പു വയ്ക്കുന്നതിന് മുമ്പ് ബാക്കി അടയ്ക്കാനുള്ള ഗ്യാരണ്ടി കമ്മീഷൻ തുക ജില്ലാ പഞ്ചായത്ത് സെക്രട്ടറി സർക്കാരിലേയ്ക്ക് അടക്കേണ്ടതാണ് .

5 . ഗ്യാരണ്ടി ആക്ട് പ്രകാരം കമ്മീഷൻ ഒഴിവാക്കാൻ കഴിയാത്തതിനാൽ ഗ്യാരണ്ടി കമ്മീഷന്റെ കൃത്യമായ അടവ് ഉറപ്പ് വരുത്തുന്നതിലേയ്ക്കായി സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട ഗ്യാരണ്ടി കമ്മീഷൻ തുക അടച്ചതിന്റെ ത്രൈമാസ റിപ്പോർട്ട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി മുടക്കം കൂടാതെ സമർപ്പിക്കേണ്ടതാണ് .

6. ഗ്യാരണ്ടി ഉടമ്പടിയിൽ സർക്കാർ ഉത്തരവിന്റെ നമ്പർ , സർക്കാർ ഗ്യാരണ്ടിയുടെ തീയതി , ഗ്യാരണ്ടി തുക , എത്ര വർഷത്തേയ്ക്കാണ് ഗ്യാരണ്ടി നൽകുന്നത് , " 21000 കോടിരൂപ " എന്നതിന് പകരം 2018- ലെ കേരള ധനകാര്യ (2- ◌ാ◌ം നമ്പർ ) ആക്ട് പ്രകാരം " സംസ്ഥാന സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് , അതതു സാമ്പത്തിക വർഷത്തേയ്ക്ക് കണക്കാക്കുന്ന <u>സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ അഞ്ച് ശതമാനം</u> " എന്നിവ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ് .

7. ഗ്യാരണ്ടി ഡീഡ് സർക്കാർ അംഗീകാരത്തിന് ലഭ്യമാക്കേണ്ടതാണ് .

8. ധനകാര്യ ( പി എ സി - ബി ) വകുപ്പിലെ 29-05-2017- ◌ാ◌ം തിയതിയിലെ സർക്കുലർ നം . 42/17- ധന പ്രകാരം ഓഡിറ്റഡ് അക്കൗണ്ട്സ് ക്ലിയറൻസ് നടത്തിയതിന്റെ റിപ്പോർട്ടു കൂടി എല്ലാ വർഷവും സമർപ്പിക്കേണ്ടതാണ് .

9 . ധനകാര്യ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലെ GIMS (Guarantee Information Management

system) പോർട്ടലിൽ കമ്പനിയുടെ login-id ഉപയോഗിച്ച് അപ് ഡേറ്റ് ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

ജില്ലാപഞ്ചായത്ത് സെക്രട്ടറി, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ NABARD, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

ധനകാര്യ വകുപ്പ് ( PUB 3/28/2018-FIN തീയതി 05/07/2019 പ്രകാരം)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്- തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പിഎസ്സിന്
തദ്ദേശ സ്വയംഭരണ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎയ്ക്ക്